(ബി) എത്ര ലക്ഷം രൂപയുടെ പണി പൂർത്തിയായി എന്നും ഏതെല്ലാം പണികൾ നടന്നുകൊണ്ടിരിക്കുന്നുവെന്നും വ്യക്തമാക്കാമോ ;

(സി) ഇനിയും ശേഷിക്കുന്ന പണികൾ അടിയന്തിരമായി ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവിധ ഭാഗങ്ങളിൽ നിന്നും കിട്ടിക്കൊണ്ടിരിക്കുന്ന നിവേദനങ്ങൾ അനുസരിച്ചുള്ള പണികൾ പണത്തിന്റെ ലഭ്യത അനുസരിച്ച് ഏറ്റെടുത്തു കൊണ്ടിരിക്കുന്നു.

(ബി) 1985-86-ൽ ഏകദേശം 10 ലക്ഷം രൂപയുടെ പണി പൂർത്തിയായിട്ടുണ്ട്. കടപ്പട്ടൂർ ക്ഷേത്രത്തിന്റെ ഭാഗത്തും പൂവത്തുംമുട്ടിലും വൈലപ്പള്ളി കടവിലും സംരക്ഷണപണികൾ നടന്നുകൊണ്ടിരിക്കുന്നു.

(സി) ശേഷിക്കുന്ന പണികൾ പണത്തിന്റെ ലഭ്യത അനുസരിച്ച് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

കോട്ടൂർ ആർ കരിങ്കല്ലുകെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടികൾ

904. [1339] ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കോട്ടൂർ ആറിന്റെ ഇരുവശങ്ങളും കരിങ്കല്ലുകെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടികൾ എന്തായി എന്നു വ്യക്തമാക്കാമോ ;

(ബി) ഇനിയും ഏറ്റെടുത്തു നടത്തേണ്ട വർക്കുകൾ എത്രയും വേഗം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കോട്ടൂർ ആറിന്റെ ഇരുവശങ്ങളുടെ മുഴുവൻ ഭാഗങ്ങളും കരിങ്കല്ലുകെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഇല്ല. എന്നാൽ ഏതാനും ഭാഗങ്ങളിൽ സംരക്ഷണപണികൾ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഈ പണികൾ മുൻഗണനാടിസ്ഥാനത്തിലും പണത്തിന്റെ ലഭ്യതയനുസരിച്ചും ഏറ്റെടുത്തു നടത്തുന്നതാണ്.

ചങ്ങലപ്പാലം ബണ്ടിന്റെ നിർമ്മാണം

905. [1340] ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുളക്കുളം പഞ്ചായത്തിലെ നെൽക്കൃഷിക്കു പ്രയോജനപ്രദമായ ചങ്ങലപ്പാലം ബണ്ടിന്റെ നിർമ്മാണ നടപടി ആരംഭിക്കാത്തതിന്റെ കാരണമെന്ത് ;

(ബി) പ്രസ്തുത ബണ്ടിന്റെ പണി ഉടനെ തന്നെ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) മുളക്കുളം (സൗത്ത്) കുന്നപ്പള്ളി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പണി പൂർത്തിയായോ ; ഇത് എന്ന് കമ്മീഷൻ ചെയ്യാൻ കഴിയും?

LIBRARY ARCHIVES Kerala Legislative Assembly